**K24U 4113**

Reg. No.: ..................................

Name : ......................................

# First Semester B.A./B.Sc. Degree (C.B.C.S.S.-OBE – Supplementary/ Improvement) Examination, November 2024
## (2019 to 2023 Admission)
## ADDITIONAL COMMON COURSE IN MALAYALAM
## 1A07 MAL : കഥാമാതൃകകൾ

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ജയമോഹന്റെ നൂറു സിംഹാസനങ്ങൾ മുന്നോട്ടുവെയ്ക്കുന്നത് സാമൂഹിക യാഥാർഥ്യങ്ങൾ ആണ് – സമർത്ഥിക്കുക.

2) നഗര കാഴ്ചകളുടെ യഥാതഥ വിവരണമാണ് മദിരാശി പിത്തലാട്ടം – വിശദീകരിക്കുക.

3) ഒരു കലാകാരിയുടെ ആത്മസംഘർഷത്തിലൂടെയുള്ള യാത്രയാണ് മരപ്പാവകൾ – വിലയിരുത്തുക.

4) 'സാറാ ജോസഫിന്റെ അശോക പ്രതിനിധാനം ചെയ്യുന്നത് സ്ത്രീപക്ഷത്തിന്റെ വിശാലമായ ലോകബോധമാണ്' – വിവരിക്കുക. **(2×7=14)**

II. **ഓരോന്നും 150** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

5) 'അവൾ സ്വന്തം കഥ പറയാൻ തുടങ്ങി, മധുരമായ ഭാവി കൊതിച്ച്, വിധി കയ്പ്മാത്രം സമ്മാനിച്ച സ്വന്തം ജീവിതത്തെപ്പറ്റി' – എന്തായിരുന്നു ജീവിതകഥ ?

6) സ്ത്രീയുടെ തീവ്രസ്നേഹത്തിന്റെ ശക്തിയും തന്റേടം നഷ്ടമായ പുരുഷന്റെ ബലഹീനതയും അനാവരണം ചെയ്യുന്ന കഥയാണ് തരിശുനിലം – സമർത്ഥിക്കുക.

7) ഇന്ത്യയെ ഇളക്കി മറിച്ച രാഷ്ട്രീയ സംഭവമാണ് വന്മരങ്ങൾ വീഴുമ്പോൾ എന്ന കഥയുടെ പശ്ചാത്തലം – വിശദീകരിക്കുക.

8) മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ – എന്ന കഥ ചർച്ച ചെയ്യുന്ന വ്യാവഹാരികതലം ചർച്ച ചെയ്യുക.

9) കീഴാളരുടെ ഉന്നമനത്തിനും വിദ്യാഭ്യാസ മുന്നേറ്റത്തിനും പ്രാധാന്യം നൽകിയ നോവലാണ് സരസ്വതി വിജയം – സമർത്ഥിക്കുക.

10) ജ്യോതിഷക്കാരന്റെ കഥ എന്ന നോവൽ ഭാഗത്തിലൂടെ എസ്. കെ. പൊറ്റക്കാട് തുറന്നു കാണിക്കുന്നതെന്താണ് ? **(4×3=12)**

P.T.O.

Don Bosco Arts and Science College Library, Angadikadavu, Kannur lib.donbosco.ac.in

III. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) മനുഷ്യൻ ഭൂതലം പിടിച്ചു പറ്റുന്നതിനു മുമ്പ് ഒരു കാലമുണ്ടായിരുന്നു. അന്ന് ഇവിടെ വാണിരുന്നവരാണ് ഓന്തുകൾ – എന്താണ് സന്ദർഭം ?

12) 'നിങ്ങളും പാർവതിയും സമം സമം' – സന്ദർഭം എന്ത് ?

13) ആരാച്ചാറിലെ പ്രമേയമെന്ത് ?

14) '1984 ഒക്ടോബർ 31' ഈ ദിവസത്തിന്റെ പ്രാധാന്യം എന്ത് ?

15) ഒറ്റയ്ക്ക് ഈ വിജനതയിൽ അസമയത്ത് സഞ്ചരിക്കാൻ എന്താണ് കാരണമെന്ന് ആരാഞ്ഞപ്പോൾ, 'നിങ്ങളെപ്പോലെത്തന്നെ' എന്ന ശക്തമായ മറുപടിയാണ് അവൾ നല്കിയത്. – സൂചിതമെന്ത് ?

16) 'കാപ്പാ മക്കളേ കശേര വേണ്ട! കളസം വേണ്ടാ!' – ആര് ? ആരോട് പറയുന്നു ?

**(4×2=8)**

IV. ഏതെങ്കിലും **നാലെണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) ഫെമിനിസം

18) കെ. ആർ. മീര

19) എസ്. ഹരീഷ്

20) സരസ്വതി വിജയം

21) കുഞ്ഞാമിന

22) ഒ. വി. വിജയൻ.

**(4×1½=6)**

Library Don Bosco Arts and Science College Angadikadavu, Kannur lib.donbosco.ac.in KANNUR UNIVERSITY